സ്വകാര്യ നിലയങ്ങളിൽ നിന്ന് വാങ്ങിയ വൈദ്യുതി

103 (3903) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം വൈദ്യുതി ക്ഷാമ സമയത്ത് ബോർഡിന്റെ താപനിലയങ്ങളിൽ ഉൽപ്പാദനം കുറച്ചുകൊണ്ട് സ്വകാര്യനിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നാണ് വൈദ്യുതി വാങ്ങിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം ബോർഡിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പ്രസക്തമല്ല.

1995-ന് ശേഷമുള്ള സംസ്ഥാനത്തെ പവർ പർച്ചേഴ്സ് എഗ്രിമെന്റുകൾ

104 (3904) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-ന് ശേഷമുള്ള സംസ്ഥാനത്തെ പവർ പർച്ചേഴ്സ് എഗ്രിമെന്റുകൾമൂലം വൈദ്യുതി ബോർഡിന് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൾ എത്രയാണ് ; ഓരോവർഷത്തേയും കണക്കുകൾ വിശദമാക്കുമോ ;

(ബി) കായംകുളം എൽ. ടി. പി. സി., സി. എ സ്. ഇ. എ സ്. എന്നീ സ്ഥാപനങ്ങളുമായി വൈദ്യുതി ബോർഡ് പവർ പർച്ചേഴ്സ് എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ എഗ്രിമെന്റുകൾ പ്രകാരം കെ.എസ്.ഇ.ബി.-ക്ക് ഇതുവരെ ഉണ്ടായ ചെലവുകൾ ഓരോ വർഷവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വൈദ്യുതി വാങ്ങിയില്ലായെങ്കിലും ഫിക്സഡ് ചാർജ് ഇനത്തിൽ നിശ്ചിത തുക നൽകണമെന്ന് ഏതൊക്കെ സ്ഥാപനങ്ങളുമായി കരാറുണ്ടാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1995-ന് ശേഷമുള്ള സംസ്ഥാനത്തിനകത്ത് എൻ.ടി.പി.സി. കായംകുളം, ബിഎസ്.ഇ.എസ്. കൊച്ചി., കെ.പി.സി.എൻ. കാസർഗോഡ് എന്നീ സ്ഥാപനങ്ങളുമായി വൈദ്യുതി ബോർഡ് പവർ പർച്ചേസ് എഗ്രിമെന്റുകൾ ഉണ്ടായിട്ടുണ്ട്. ഈ നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ വൈദ്യുതി ബോർഡിന് ചെലവായ തുകകളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

കായംകുളം എൻ.ടി.പി.സി.

വർഷം	തുക (കോടിയിൽ)
1996-99	66.87
1999-2000	344.94
2000-01	725.52
2001-02	808.94
2002-03	722.76

(താത്ക്കാലിക കണക്ക്)

ബി.എസ്.ഇ.എസ്., കൊച്ചി

വർഷം	തുക (കോടിയിൽ)
2001-02	68.30
2002-03	85.50

(താത്ക്കാലിക കണക്ക്)

കെ.പി.സി.എൻ. കാസർഗോഡ്

വർഷം	തുക (കോടിയിൽ)
2001-02	43.75
2002-03	65.67

(താത്ക്കാലിക കണക്ക്)

(ബി) മേൽപ്പറഞ്ഞ സംരംഭകരുമായി കെ.എസ്.ഇ.സി.ഒപ്പ് വച്ചിട്ടുള്ള വൈദ്യുതി വാങ്ങൽ പ്രകാരമാണ് വൈദ്യുതിക്ക് വില നൽകേണ്ടത്. ഓരോ നിലയത്തിലും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുന്നതുവരെ ഇന്ധനവില മാത്രവും അതിനുശേഷം നിശ്ചിത പ്ലാന്റ് ലോഡ് ഫാക്ടറിനും പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടുള്ള വിദേശനാണയ വിനിമയ നിരക്ക്, മുതൽ മുടക്കിന്റെ വരുമാനം, അറ്റകുറ്റപ്പണികളുടെ ചെലവ്, തേയ്മാന ചെലവ്, കടത്തിന്റെ പലിശ എന്നിവയെ ആശ്രയിച്ചിട്ടുള്ള ഫിക്സഡ് ചാർജും അതാതു സമയങ്ങളിലെ ഇന്ധനവിലയെ ആശ്രയിച്ചിട്ടുള്ള വേരിയബിൾ ചാർജും അനുവദിച്ച് വൈദ്യുതിക്ക് വില നൽകാമെന്നാണ് പ്രധാന വ്യവസ്ഥ.

(സി&ഡി) വിവരങ്ങൾ ഉത്തരം (എ) ആന്റ് (ബി)-യിൽ നൽകിയിട്ടുണ്ട്.

(ഇ) ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിലയങ്ങളിൽ എൻ.ടി.പി.സി. കായംകുളം, ബി.എസ്.ഇ.എസ്., കെ.പി.സി.എൻ. എന്നീ നിലയങ്ങൾക്ക് വൈദ്യുതി വാങ്ങിയില്ലെങ്കിലും ഫിക്സഡ് ചാർജ് നൽകേണ്ടതാണ്.

വൈദ്യുതി ബോർഡിന്റെ സെൻട്രൽ സ്റ്റോറുകളും ഡിവിഷണൽ സ്റ്റോറുകളും

105 (3905) ശ്രീ. എ. കെ. മണി :
ശ്രീ. എം. മുരളി :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന് എത്ര സെൻട്രൽ സ്റ്റോറുകളും ഡിവിഷണൽ സ്റ്റോറുകളും ഉണ്ട് ;

(ബി) ഒരു നിശ്ചിത തീയതികയിൽ ഈ ഓരോ സ്റ്റോറിലും എന്തെല്ലാം സാധനങ്ങൾ സ്റ്റാക്കുണ്ടെന്ന് പരസ്പരം അറിയിക്കുവാനുള്ള എന്തെങ്കിലും മാർഗ്ഗം ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ ;

(ഡി) ഏതെങ്കിലും ഒരു സെൻട്രൽ സ്റ്റോറിലോ ഡിവിഷൻ സ്റ്റോറിലോ ഇല്ലാത്ത സാധനങ്ങൾ അവ സ്റ്റോക്കുള്ള സ്റ്റോറിൽ നിന്ന് കൊണ്ടുവരുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിൽ നിലവിലുള്ള സ്റ്റോറുകളുടെ വിവരം താഴെ ചേർക്കുന്നു.

സെൻട്രൽ സ്റ്റോർ	...	1 എണ്ണം
റീജിയണൽ സ്റ്റോർ	...	3 എണ്ണം
ട്രാൻസ്മിഷൻ സ്റ്റോർ	...	11 എണ്ണം
സർക്കിൾ സ്റ്റോർ	..	13 എണ്ണം
ഡിവിഷണൽ സ്റ്റോർ	..	5 എണ്ണം
ആകെ	...	33 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly